നെടുമ്പാശേരി ബീവറേജ് ഔട്ട്‌ലറ്റ് ജീവനക്കാരനെ മർദ്ദിച്ച കേസിൽ കിടങ്ങൂർ തുറവൂർ മാമ്പിള്ളി വീട്ടിൽ മാർട്ടിനെ (46) നെടുമ്പാശേരി പോലിസ് അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം വൈകീട്ട് അഞ്ചു മണിക്കാണ് സംഭവം. മാസ്ക്ക് ധരിക്കാതെയാണ് ഇയാൾ ഔട്ട് ലെറ്റിലെത്തിയത്. മാസ്ക്ക് ധരിക്കാതെ ഔട്ട് ലെറ്റിൽ പ്രവേശിക്കാൻ പാടില്ലെന്ന് പറഞ്ഞ ജീവനക്കാരനെ പ്രതി കുപ്പി കൊണ്ട് തലയക്കടിച്ച് ഗുരുതരമായി പരിക്കേൽപ്പിക്കുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി.